K21U 1093

Reg. No.: ..................................

Name : ....................................

# IV Semester B.A./B.Sc. Degree CBCSS (OBE) Regular Examination, April 2021
## (2019 Admission Only)
## ADDITIONAL COMMON COURSE IN MALAYALAM
## 4A 10 MAL : ദൃശ്യകലാസാഹിത്യം

Time : 3 Hours

Max. Marks : 40

I. താഴെ തന്നിരിക്കുന്ന 4 ചോദ്യത്തിൽ നിന്ന് **രണ്ടെണ്ണത്തിനു** 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കഥകളി എന്ന ദൃശ്യകലാരൂപത്തിന്റെ സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി വിവരിക്കുക.

2) ''പരിഹാസത്തിന്റെ ജനാധിപത്യമുഖമാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ''. സഭാപ്രവേശത്തെ അവലംബമാക്കി വിശകലനം ചെയ്യുക.

3) ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലെ ദുരന്തസങ്കല്പം വിശകലനം ചെയ്യുക.

4) ''സിനിമയെക്കുറിച്ചു നിലനിന്നിരുന്ന പല പരമ്പരാഗത ധാരണകളെയും തിരുത്തുന്ന സിനിമയാണ് കൊടിയേറ്റം''. വിശകലനം ചെയ്യുക. **(2×7=14)**

II. താഴെ തന്നിരിക്കുന്ന 6 ചോദ്യത്തിൽ നിന്ന് 4 ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) ''ശകുനപ്പിഴ തവ ജനിതം'' എന്ന് ഇന്ദ്രൻ കലിയെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?

6) ദുര്യോധനനെ ഹാസ്യാത്മകമായി നമ്പ്യാർ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

7) ''വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

8) ഊറിയാവിന്റെ സ്വഭാവനിരൂപണം നടത്തുക.

9) കർണഭാരത്തിൽ ഭാസൻ അവതരിപ്പിക്കുന്ന കർണന്റെ സ്വഭാവ സവിശേഷതകളെന്ത് ?

10) തെയ്യത്തെ ഒരു സമഗ്രകലയെന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ? **(4×3=12)**

P.T.O.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) "സൗവർണഹംസം ചെയ്തൊരു സൗഹൃദമായതു സൗഹൃദമേ" – ഹംസം നളനു ചെയ്തുകൊടുത്ത ഉപകാരമെന്ത് ?

12) "വികൃതഹൃദയ! ഞങ്ങൾ വികിരങ്ങളല്ലാ
വെറുതെ ഞങ്ങളെക്കൊൽവാൻ തവ തരമില്ലാ" – സന്ദർഭവും ആശയവും വിശദീകരിക്കുക.

13) "പൊണ്ണനാം ഭീമനെത്തെല്ലും ഭീതിയില്ലെന്ന്" ദുശ്ശാസനൻ പറയാനിടയാക്കിയ സാഹചര്യമെന്ത് ?

14) "മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ഫലം ഒന്നുതന്നെ".
ബദ്ശേബ ഇങ്ങനെ പറയാനിടയാക്കിയ സാഹചര്യമെന്ത് ?

15) ക്ഷേത്രച്ചുമരുകളെ അലങ്കരിക്കുന്ന പഞ്ചമാലകളേവ ? വിശദീകരിക്കുക.

16) "നൂലുപൊട്ടിയ പട്ടം എടുത്തുകൊടുക്കാൻ വെമ്പുന്ന ശങ്കരൻകുട്ടി താനും അതുപോലെ നൂലുപൊട്ടിയ ഒരു പട്ടമാണെന്ന സത്യം തിരിച്ചറിയുന്നില്ല". ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക. **(4×2=8)**

IV. **6** ചോദ്യത്തിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയാറാക്കുക.

17) കഥകളിയിലെ ചടങ്ങുകളുടെ പേരെഴുതുക.

18) കുറിപ്പെഴുതുക – കുഞ്ചൻനമ്പ്യാർ.

19) തുള്ളലിന്റെ ഉൽപ്പത്തിക്കു നിദാനമായ കഥ ചുരുക്കി എഴുതുക.

20) ദാവീദിന്റെ തെറ്റു സൂചിപ്പിക്കാൻ പ്രവാചകൻ പറഞ്ഞ അന്യാപദേശ കഥയേത് ?

21) തെയ്യം എന്ന അനുഷ്ഠാനകലയിൽ സംഭവിക്കുന്നതെന്ത് ?

22) കുറിപ്പെഴുതുക – അടൂർ ഗോപാലകൃഷ്ണൻ. **(4×1.5=6)**

---